# GUPS VILAKKODE

# ACADEMIC MASTER PLAN 2025-26

## വിദ്യാലയം മികവിന്റെ കേന്ദ്രം കാഴ്ചപ്പാട്

- പാഠ്യ പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താൽപര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.
-
- ശുചിത്വം,ദീനാനുകമ്പ, സാമൂഹിക ബോധം തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.
-
- പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.
-
- മികവാർന്നശേഷികളും ധാരണകളും ഓരോ ക്ലാസിലും കുട്ടികൾ നേടുന്നു എന്നു ഉറപ്പാക്കൽ .
-
- പാരിസ്ഥിതി അവബോധത്തോടെ ജീവിക്കാനും വരും തലമുറയ്ക്ക് കൈമാറാനുള്ള ഭൂമിയിലെ താൽക്കാലികവാസികൾ മാത്രമാണ് മനുഷ്യർ എന്ന് അവബോധത്തോടെ പരിസ്ഥിതിയെ കാത്തുസൂക്ഷിക്കുവാനും സുസ്ഥിരവികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തനാക്കൽ.
-
- ഇവിടെ പഠിച്ചു പുറത്തിറങ്ങുന്ന കുട്ടികൾ അവരുടെ വീടുകളിലും പരിസരത്തുമുള്ള മറ്റു കുട്ടികളെ നമ്മുടെ വിദ്യാലയത്തിലേക്ക് തന്നെ ചേർക്കുന്ന മികവിലേക്കു വിദ്യാലയത്തെ എത്തിക്കുക .

മികവിനായ് ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ഭാഷാശേഷി വികസനം | ചുറ്റുമതിൽ | പിടിഎ ശക്തിപ്പെടുത്തൽ |
| ഗണിതശേഷി വികസനം | കളി സ്ഥലം | വിദ്യാലയ വികസന സമിതി |
| ഇംഗ്ലീഷ് ഹിന്ദി മലയാളം പഠന പരിപോഷണം | ലൈബ്രറി,വിശ്രമമുറി | ഒ എസ് എയുടെ പ്രവർത്തനം |
| വായനാ പരിപോഷണം | വായനാ മുറി | എസ്എസ്എൽസി ജാഗ്രത സമിതി കാര്യക്ഷമമാക്കൽ |
| ലൈബ്രറി ശാക്തീകരണം | കമ്പ്യൂട്ടറിൽ ലാബ് | ഗ്രന്ഥശാലകൾ ക്ലബ്ബുകൾ സന്നദ്ധ സംഘടനകൾ വിദ്യാഭ്യാസ പ്രവർത്തകർ പൂർവ്വ അധ്യാപകർ സഹകരണ സ്ഥാപനങ്ങൾ വ്യവസായ ഗ്രൂപ്പുകൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ |
| പ്രതിഭാ പോഷണ പരിപാടി | മൾട്ടിമീഡിയ റൂം | ക്ലാസ് പിടിഎ മാതൃകാപരമാക്കുന്നതിനുള്ള പരിപാടികൾ |
| ശലഭോദ്യാനം | കുടിവെള്ള വിതരണം | വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ |
| പഠനയാത്രകൾ | ഡൈനിങ് ഹാൾ | ഭവന സന്ദർശനം |
| സെമിനാറുകൾ | മാലിന്യ സംസ്കരണം | |
| കലാകായിക ശാസ്ത്ര മേളകൾ | ഉദ്യാനം | |
| ഐടി പരിശീലനം | ഭാഷോത്സവം | |
| ക്ലാസ് സജീവമാക്കൽ | ഗണിതോത്സവം | |
| | ശാസ്ത്രോത്സവം | |
| | ഐടി മേള | |
| | കലാ കായിക പ്രവർത്തി പരിചമേള | |
| | ക്ലാസ് ലൈബ്രറി | |
| | ഭിന്നശേഷി കുട്ടികള്ളുടെ | |

| | | |
|---|---|---|
| എസ് ആർ ജി ശാക്തീകരണം<br><br>ശില്പശാലകൾ<br><br>ഭിന്നശേഷി വിദ്യാർഥികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കൽ<br><br>അധ്യാപക ശാക്തീകരണ പരിപാടികൾ<br><br>പോഷകാഹാര പരിപാടി<br><br>ടേം മൂല്യനിർണയം നിരന്തര മൂല്യനിർണയം<br><br>ദിനാചരണങ്ങൾ<br><br>മത്സരപരീക്ഷ പരിശീലനം<br><br>കായികപഠനം<br><br>വിജയഭേരി ക്ലാസുകൾ | പഠനത്തിന് ആവശ്യമായ സൗകര്യങ്ങൾ | |

## പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ

ഓരോ വിദ്യർത്ഥിക്കും അവരുടെ അഭിരുചികൾക്കനുസരിച് പഠിക്കുവാനും മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കാനും സാധിക്കും.

വിദ്യാർത്ഥികൾക്കിടയിൽ സ്നേഹവും സഹവർത്തിത്വവും വളരുന്നു.

കുട്ടികളെ സാമൂഹിക പ്രതിബദ്ധതയുള്ള പൗരന്മാരായി വളർത്തുക .

കൗമാരക്കാരായ വിദ്യർത്ഥികൾക്കു അവരുടെ മാനസികവും വൈകാരികവുമായ പ്രശ്നങ്ങൾക്ക് പരിഹാരം.

വിദ്യാർത്ഥികളും അധ്യാപകരും രക്ഷിതാക്കളും ചേർന്നുള്ള കൂട്ടായ പ്രവർത്തനം.

തങ്ങൾക്കും താല്പര്യമുള്ള വഴികൾ കണ്ടെത്താനും തുടർന്ന് പഠിക്കാനും സാധിക്കും.

മത്സരാതീതമായി പഠന പ്രവർത്തനങ്ങളിലും കല കായിക പ്രവർത്തനങ്ങളിലും പങ്കെടുക്കാൻ കഴിയും.

## മോണിറ്ററിങ്

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി തയ്യാറാക്കിയ അക്കാഡമിക് മാസ്റ്റർ പ്ലാൻ മുൻഗണന ക്രമത്തിൽ നടപ്പാക്കും.

മാസത്തിൽ രണ്ടു പ്രാവശ്യം എസ് ആർ ജി യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തും.

എല്ലാ പി ടി എ യോഗങ്ങളിലും പ്രവർത്തനങ്ങൾ വിലയിരുത്തും

ഓരോ വിഷയവുമായി ബന്ധപ്പെട്ട പരിപാടികൾ കുട്ടികളുമായി പങ്കുവെക്കുകയും അതനുസരിച്ചു നടപ്പാക്കുകയും ചെയ്യും.

## ഉപസംഹാരം

വിദ്യലയത്തിന്റെ സമഗ്രപുരോഗതിക്കു വേണ്ടി തയ്യാറാക്കിയതാണ് .ഇത് മേൽനടപടിക്കായി സമർപ്പിക്കുന്നു.

# അക്കാഡമിക് മാസ്റ്റർ പ്ലാൻ 25-26

## മേഖല :അക്കാദമികം -മലയാളം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| • എല്ലാ കുട്ടികൾക്കും പഠന നേട്ടം ഉറപ്പുവരുത്തുക.<br>• എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം(ശ്രദ്ധ, നവപ്രഭ ) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. | • അക്ഷരം ഉച്ചരിക്കൽ<br>• സമാനപദങ്ങൾ ഉപയോഗിച്ച് വാക്യരചനകൾ<br>• നാടൻ കഥകൾ കവിതകൾ കേൾപ്പിക്കൽ, അവതരണം<br>• പത്രവായന<br>• വായന മത്സരം<br>• ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ് (ശ്രദ്ധ നവപ്രഭ). | 2 മാസം.<br>1 വർഷം. | മലയാളം അധ്യാപകർ, SRG. | PTA<br>Dept. |
| • എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക.<br>• ഭാഷാശേഷി വികസനത്തിനായി ഐസിടി സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുക. | • ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ.<br>• ക്ലാസ് ലൈബ്രറി നവീകരിക്കൽ.<br>• ക്ലാസ് നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ.<br>• വായനയിൽ ഐസിടി സാധ്യതകൾ. ഉപയോഗപ്പെടുത്തൽ<br>• സ്കൂൾ ലൈബ്രറി നവീകരണം.<br>• വായനമുറി -പ്രത്യേക സൗകര്യമൊരുക്കൽ. | 6 മാസം.<br>1 വർഷം.<br>ആവശ്യമനുസരിച്ച്<br>സന്ദർഭം അനുസരിച്ച്<br>2 മാസം<br>-<br>1 വർഷം. | മലയാളം അധ്യാപകർ, SRG.. | PTA |

| | | | | |
|---|---|---|---|---|
| | • വായനോത്സവം,ജന്മദിന പുസ്തകം, പത്രവായന. | 3 മാസം<br>1 വർഷം. | | |
| • പത്രവായന പരിപോഷിപ്പിക്കുക. | • പരമാവധി പത്രങ്ങൾ സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കൽ.<br>• ഓരോ ക്ലാസിനും ഓരോ പത്രം.<br>• രാവിലെ പ്രധാന വാർത്തകളുടെ അവതരണം.<br>• പത്ര ക്വിസ്.<br>• വായനാനുഭവം പങ്കുവെക്കൽ. | 3 മാസം<br>ദിവസേന.<br>മാസത്ത | വിദ്യാരംഗം ഇൻ ചാർജ് | PTA |
| • സർഗ്ഗശേഷി വികസനം | • സാഹിത്യക്വിസ്, രചനാ ശില്പശാല (കഥ കവിത..)<br>• കവിതാലാപന മത്സരം.<br>• പുസ്തക ചർച്ച – പുസ്തകാസ്വാദനം.<br>• സാഹിത്യകാരന്മാരുമായി സംവദിക്കൽ.<br>• കാലാനുസൃതമായ വിഷയങ്ങൾ തെരഞ്ഞെടുത്ത് ഉപന്യാസ രചന.<br>• കാർട്ടൂൺ രചന.<br>• ഡിജിറ്റൽ മാഗസിൻ.<br>• പാനയാത്ര. | ിൽ ഒരു തവണ<br>വർഷത്തിൽ 1 തവണ. | മലയാളം അധ്യാപകർ, SRG,വിദ്യാരംഗം<br>മലയാളം അധ്യാപകർ, SRG | PTA |

# ACADEMIC MASTER PLAN ENGLISH 2 2025-26

| | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാന വിശ |
|---|---|---|---|---|---|
| ഇം ഗ്ലീഷ് ഭാഷാപഠനം | ഒഴുക്കോടെ ഇംഗ്ലീഷ് എഴുതാനും സംസാരിക്കാനും അവസരം നൽകൽ | 1.കുട്ടികളുമായി ഇംഗ്ലീഷിൽ അനൗപചാരിക സംഭാഷണം .<br>2.ഇംഗ്ലീഷ് പത്രവായന .<br>3.ലാംഗ്വേജ് ഗെയിം .<br>4.ലളിതവും രസകരവുമായ ഇംഗ്ലീഷ് ഭാഷ റെക്കോർഡ് ചെയ്തു കേൾപ്പിക്കുന്നു.<br>5.ക്ലാസ്സിൽ ഇംഗ്ലീഷ് നോട്ടീസ് ബോർഡ്.<br>ഇംഗ്ലീഷ് അസംബ്ലി. | പ്രതിദിനം /പ്രതിമാസം /ആഴ്ചയിൽ ഒരുദിവസം | ഇംഗ്ലീഷ് ടീച്ചർ | |
| ഇംഗ്ലീഷ് സർഗാത്മക രചന | ഇംഗ്ലീഷ് പദസമ്പത്തു വർധിപ്പിക്കൽ.<br>ഇംഗ്ലീഷിൽ ആശയവിനിമയം നടത്തൽ | 1.ക്ലാസ് ലൈബ്രറി<br>2.വായനമത്സരങ്ങൾ<br>3.ഇംഗ്ലീഷ് സർഗ്ഗവേള<br>4.ചുമർ പത്രങ്ങൾ<br>5.ഡിക്ഷണറി<br>വായനകാർഡുകൾ | | | |

| | | | | | |
|---|---|---|---|---|---|
| ഇംഗ്ലീഷ് തിയറ്റർ | ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുക | 1.പാഠഭാഗങ്ങളെ ആസ്പദമാക്കി സ്കിറ്റ് ,ഡ്രാമ ,റോൾ പ്ലേയ് .<br><br>2.വ്യത്യസ്തമായ കഥകൾ Reader's Theatre റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു | | | |
| ഇംഗ്ലീഷ് ഫെസ്റ്റ് | വ്യാകരണ ശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേക്ക് കുട്ടികളെ എത്തിക്കൽ | രണ്ടു അവധി ദിവസങ്ങളിൽ കുട്ടികളെ കൊണ്ട് പലതരത്തിലുള്ള പ്രവർത്തനങ്ങൾ വേദിയിൽ അവതരിപ്പിക്കുന്നു<br><br>1.(സ്കിറ്റ് , ഡ്രാമ ,റോൾ പ്ലേയ് , റെ സിറ്റേഷൻ, കോറിയോഗ്രാഫി ,റീഡേഴ്‌സ് തീയേറ്റർ മുതലയാവ )<br><br>2.പാഠ ഭാഗങ്ങളുടെ സ്ക്രിപ്റ്റ് തയ്യാറാക്കി അഭിനയിച്ചു ഷൂട്ട് ചെയ്തു മികവാർന്ന രീതിയിൽ പ്രദർശിപ്പിക്കുന്നു. | രണ്ടു ദിവസം | പിടിഎ<br><br>ഹെഡ്മിസ്ട്രസ്<br><br>ഇംഗ്ലീഷ് ടീച്ചേർസ് ,<br><br>എസ് ആർ ജീ കൺ | |

| | | | | | |
|---|---|---|---|---|---|
| | | | | വീനെർ<br>മറ്റു വിഷയ അധ്യാപകർ | |
| . ഇംഗ്ലീഷ് ഡയറി | തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാൻ | ഓരോ ദിവസവും സ്കൂളിലും വീട്ടിലും നടക്കുന്ന കാര്യങ്ങൾ ഇംഗ്ലീഷ് ഡയറിയിൽ കുറിക്കുന്നു. | പ്രതിദിനം | ഇംഗ്ലീഷ് ടീച്ചർ | |
| . പുസ്തക നിരൂപണവും പദ<br>ദ് പ്രശ്ന നിർമ്മാണവും | വായനയും കളിയിലൂടെ ഭാഷാ പഠനവും | 1.പുസ്തകങ്ങൾ നിർദേശിച്ച് കുറിപ്പ് തയ്യാറാക്കി അവതരിപ്പിക്കുന്നു.<br>2.പദപ്രശ്നങ്ങൾ നൽകി ഉത്തരം കണ്ടെതാണ് അവസരം നൽകി sammanagal നൽകുന്നു. | പ്രതിദിനം /പ്രതിമാസം | ഇംഗ്ലീഷ് ടീച്ചർ | |
| . ഇംഗ്ലീഷ് ഭാഷപഠനം<br>പിന്നോക്കം<br>നിൽക്കുന്ന കുട്ടികൾക്ക് | ഇംഗ്ലീഷ് ഭാഷപഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടിക | 1.ജൂൺ മാസത്തിൽ തന്നെ കുട്ടികളെ കണ്ടെത്തി അവർക്കു വേണ്ടി പ്രത്യേക മൊഡ്യൂൾ തയ്യാറാക്കുന്നു . | | | |

| | | | | | |
|---|---|---|---|---|---|
| | ളെയും പഠന വൈകല്യം ഉള്ളവരെയും പഠന പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുന്നു | 2.കഥകൾ , വാക്കുകൾ എന്നിവയുടെ വീഡിയോ പ്രേസേൻ്റേഷൻ ,പിക്ചർ കാർഡുകൾ ,ചാർട്ടുകൾ എന്നിവയിലൂടെ പഠനം രസകരം ആക്കുന്നു. കഥകൾ .<br><br>3.ഓരോ മാസവും കുട്ടികളുടെ പഠനപുരോഗതി വിലയിരുത്തുന്നു. | പ്രതിദിനം /പ്രതിമാസം | ഇംഗ്ലീഷ് ടീച്ചർ | |
| . ഭാഷ പഠനം സവിശേഷ വൈഭവം ഉള്ള കുട്ടികൾക്ക് | സവിശേഷ വൈഭവം ഉള്ള കുട്ടികളെ അതിന്റെ പൂർണതയിൽ എത്തിക്കുന്നു. | 1.ഇംഗ്ലീഷിൽ മാത്രം ആശയവിനിമയം നടത്താനുള്ള അന്തരീക്ഷം ഒരുക്കൽ.<br><br>2.സ്പോക്കൻ ഇംഗ്ലീഷ് പരിശീലനം.<br><br>3.പ്രസംഗം അവതരണം എന്നിവ പരിശീലിപ്പിക്കൽ<br><br>4.ഇംഗ്ലീഷ് സിനിമകൾ വാർത്തകൾ ചർച്ചകൾ എന്നിവ കാണാനും കേൾക്കാനും അവസരം ഒരുക്കൽ | പ്രതിദിനം /പ്രതിമാസം | ഇംഗ്ലീഷ് ടീച്ചർ | |

| | | | | | |
|---|---|---|---|---|---|
| 1 | നല്ല ആരോഗ്യശീലങ്ങൾ വളർത്തി എടുക്കുന്നത് Or മഴക്കാല രോഗങ്ങളെ കുറിച്ചുള്ള അവബോധം വളർത്തൽ | *ജൂൺ/ ജൂലൈ മാസങ്ങളിൽ സൗകര്യപരമായദിനങ്ങൾ കണ്ടെത്തി മഴക്കാല രോഗങ്ങൾ ശുചിത്വം പാലിക്കേണ്ടതിന്റെആവശ്യകത എങ്ങനെ ആരോഗ്യംകാത്തുസൂക്ഷിക്കാം ബന്ധപ്പെട്ട് ഒരു ഡോക്ടറുടെയോ ആരോഗ്യ പ്രവർത്തകന്റെയോ ക്ലാസ് സംഘടിപ്പിക്കുന്നു<br><br>ഹെല്ത്ത് ചേക്ക്,പ്പ് യോഗ വ്യായാമത്തിന്റെ ആവശ്യകത ആർത്തവകാല പ്രശ്നങ്ങൾ (പെൺകുട്ടികൾക്കുള്ള ക്ലാസ്)സെക്ഷ്വൽ awareness class (ആണ് പെൺ)etc.(ക്ലാസുകൾ) | ജൂൺ - ജൂലൈ 2 മാസം<br><br>ജൂൺ -july 2 മാസം | ഹെല്ത്ത് ക്ലബ്ബ് ഇൻചാർജ് ടീച്ചേഴ്സ് ,P TA ജീവശാസ്ത്ര അദ്ധ്യാപകർ<br><br>ഹെല്ത്ത് ക്ലബ്ബ് ഇൻചാർജ് And ജീവസത്രാധ്യാപകർ | PTA ഫണ്ട് സ്പോൺസർഷിപ്പ് സ്കൂൾ ഫണ്ട്<br><br>" |
| 2 | പ്രശ്നങ്ങൾ പങ്കുവെക്കുനതിനുള്ള അവസരം ലഭിക്കുന്നതിന് | കൗൺസലിംഗ് ക്ലാസ് | ജൂൺ - february | ക്ലാസ് ടീച്ചർ M.PTA | R s-3000 School വികസന ഫണ്ട് |
| 3 | ലൈംഗിക അതിക്രമങ്ങൾ ഇല്ലാതാക്കുന്നു തിന് | ഒരു അഡ്വക്കേറ്റിന്റെ ക്ലാസ് ചാക്കോ ജോർജ് പനക്കൽ (സകൂളിൽ നിന്ന് വിരമിച്ച് അഡ്വക്കേറ്റ് ആയി പ്രവർത്ഥനമനുഷ്ഠിക്കുന്നു )<br>നേരിന്റെ ക്ലാസ് :-pocso നിയമാവശങ്ങളെ കുറിച്ചുള്ള ക്ലാസുകൾ ഉൾപെടെ | August or September | ടീൻസ് ക്ളബ് ചാർജുള്ള അധ്യാപിക | P T A ഫണ്ട് |
| 4 | ലിംഗ നീതി ഉറപ്പുവരുത്തൽ | *സ്കൂളിലെ എല്ലാ പ്രവർത്തനങ്ങൾക്കും ആണ് പെൺ വ്യത്യസമില്ലതെ തുല്യ പങ്കാളിത്തം ഉറപാക്കുന്നു<br>*രക്ഷിതാക്കൾക്കും വിദ്യാർത്ഥികൾക്കും | 1 year<br><br>October 11 1day | ക്ലാസ് അധ്യാപിക | <br><br>P T A |

| | | | | | |
|---|---|---|---|---|---|
| | | ബോധവത്കരണ ക്ലാസ് | | | |
| 5 | കൗമാര കാലഘട്ടത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് | *അക്കാദമിക പ്രവർത്തനങ്ങൾ കയികമേഖലയിൽ കൂടുതൽ അവസരങ്ങൾ സ്കൂൾ കൗൺസലിംഗ് കമ്മിറ്റിയും ജീവശാസ്ത്ര അദ്ധ്യാപകരും സംയോജിച്ചുകൊണ്ടുള്ള ബോധവത് കരണ്ങ്ങൾ | ജൂൺ to November | ജീവശാസ്ത്ര അധ്യാപക കൗൺസൽ | |
| 6 | ഗ്രീൻ ക്യാമ്പസ് നിർമിതി | ജൈവ അജൈവ മാലിന്യങ്ങൾ തരം തിരിച്ച് നിക്ഷേപിക്കാൻ ആവശ്യമായ ബോക്സ് സ്ഥാപിക്കുന്നു അജൈവം ഹരിത കർമ സേനക് നൽകുന്നു ജൈവം കമ്പോസ്റ് നിർമാണം | ജൂൺ to August | ജീവശാസ്ത്ര അധ്യാപക ർ ഹെല്ത്ത് ക്ലബ്ബ് P T A | |
| 7 | ലഹരി വിരുദ്ധ വിദ്യാലയം | ജൂൺ 26 ലഹരി വിരുദ്ധ ദിനാചരണവുമായി ബന്ധപ്പെട്ട്<br>* ലഹരി വിരുദ്ധറാലി<br>* സ്കിറ്റ്<br>* ബോധവത്കരണക്ലാസ്<br>*ഭിന്ന ശേഷി വിദ്യാർത്ഥികൾക്ക് പ്രത്യേക പരിഗണന | ജൂൺ അവസാന ആഴ്ച | ലഹരിവിരുദ്ധ് ക്ലബ് ഹെൽത്ത് ക്ലബ്ബ് P T A J R C | |
| | | | | | |

# ACADEMIC MASTER PLAN 2025-26

**ഖല : ഗണിതം :**

**ക്കാദമിക മാസ്റ്റർ പ്ലാൻ :**

| മ<br>മ്പർ | ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | ധനകാര്യ വിശകലനം | പിന്തുണ |
|---|---|---|---|---|---|---|
| | ഗണിതത്തിൽ അടിസ്ഥാനം ഉറപ്പിക്കുക | ഗണിതം മധുരം,പരിഹാര ബോധനം,ലാബ് പ്രവർത്തനങ്ങൾ | ദീർഘ കാലം | നോട്ടുബുക്കുകൾ,ചാർട്ട്, മാർക്കർ, സ്കെച്ച് | 5000 | എച്ച്എം ,പിറ്റിഎ. ഗണിതാധ്യാപകർ |
| | ഗണിതാഭിരുചി വർദ്ധിപ്പിക്കാൻ | ഗണിത ക്വിസ് ,ജോമെട്രിക് ചാർട്ട്<br>ഗണിത പൂക്കളം,<br>ഗണിത ചാർട്ട്,<br>പതാക നിർമ്മാണം,<br>പതിപ്പുകൾ,<br>ഗണിതം പ്രകൃതിയിൽ സെമിനാർ ,<br>ഗണിത പാട്ടുകൾ ,<br>ഗണിതം നിത്യജീവിതത്തിൽ,<br>കുസൃതി കണക്കുകൾ ശേഖരണം ,<br>ഗണിതമാഗസിൻ , | ഹ്രസ്വ കാലം | ചാർട്ട് പേപ്പർ, ഫെവി ക്കോൾ,സെല്ലോടേപ്പ്,കത്രിക, കളർ പേപ്പർ | 5000<br>1000<br>500<br>1000 | ഗണിത ശാസ്ത്ര വിദഗ്ധൻ |

| | | | | | | |
|---|---|---|---|---|---|---|
| | | 2 | | | | |
| | ഐസിടി<br>സാധ്യതയിലൂടെയുള്ള<br>ഗണിതപഠനം | ഗണിതശാസ്ത്രജ്ഞന്മാരുടെ<br>ജീവചരിത്രം,<br>ഗണിതത്തിലെ നാട്ടറിവുകൾ<br>ശേഖരണം,<br>ഗണിത ലാബുകൾ<br>സജ്ജമാക്കൽ,<br>ഗണിത ക്ലബ്ബ് പ്രവർത്തനങ്ങൾ<br>,<br>ഗണിത ലൈബ്രറി ,<br>ക്ലാസ് മുറികളുടെ ചുമർ<br>ഗണിത ആശയങ്ങളാൽ<br>അലങ്കരിക്കൽ ,<br>ഗണിത ശില്പശാല,<br>ഗണിത സഹവാസക്യാമ്പ്,<br>ഗണിതമേള ,<br>ഗണിത പ്രദർശനം ,<br>ഗണിത നിഘണ്ടു ,ഗണിത<br>പാർക്ക് ,<br>ഗണിതോത്സവം ,<br>ഗണിത അസംബ്ലി,<br>മനക്കണക്ക് മത്സരം<br>ബാല Building as learning<br>Aid.<br><br>സമഗ്ര റിസോഴ്സ്,<br>ജിയോജിബ്ര, മാത്സ്പാട്<br>തുടങ്ങിയ സങ്കേതങ്ങൾ<br>ഉപയോഗിച്ച് ഗണിത പഠനം | മധ്യകാലം | | 25000<br>500<br>1000<br>1000<br>1000<br>500<br>500<br>1000 | എസ്.ആർ.<br>ജി, പിറ്റിഎ |

| | | | | | | |
|---|---|---|---|---|---|---|
| 3 | | | | | | |
| | ചതുഷ്ക്രിയ ഉറപ്പിക്കൽ | ഗണിത കളികളിലൂടെയും മത്സരപരീക്ഷ ,ഗണിത വർക്ക് ഷീറ്റ് തുടങ്ങിയവയുടെ സഹായത്താൽ | | | 1000 | |
| | | | ഹ്രസ്വ കാലം | | | |
| | ബീജഗണിതം ആസ്വാദ്യം ആക്കൽ | പ്രായോഗിക പ്രശ്നങ്ങൾ ബീജഗണിതം ഉപയോഗിച്ച് വിശദീകരിക്കുന്നു, വേദഗണിതം ലീലാവതി തുടങ്ങിയ ബുക്കുകൾ പരിചയപ്പെടുത്തി പ്രവർത്തനങ്ങൾ ചെയ്യുന്നു | | എ ഫോർ പേപ്പർ ലൈബ്രറി പുസ്തകങ്ങൾ | 2000 | |
| | പ്രശ്നനിർധാരണം സാധ്യമാക്കൽ | സമാനമായ പ്രശ്നങ്ങൾ വിവിധ നിലവാരത്തിൽ ഉള്ളത് പരിശീലിപ്പിക്കുന്നു | | | 500 | |
| | ക്രിയാത്മകത കൃത്യത സൂക്ഷ്മത ഉപകരണങ്ങൾ | ഗണിത ലാബ് ഗണിത | ഒരു മാസം | | | |

<table>
<tr><td colspan="7" align="center">4</td></tr>
<tr>
<td></td>
<td>കൈകാര്യം<br>ചെയ്യുവാനുള്ള കഴിവ്<br>ഇവ വികസിപ്പിക്കൽ<br><br>പരീക്ഷ പരിശീലനം<br><br>പണം വിനിമയം<br>വ്യക്തമായ ധാരണ<br>ഉണ്ടാക്കാൻ ഗണിതാ<br>ഭിരുചി വർ<br>ദ്ധിപ്പിക്കുവാൻ<br>,മാഗസിനികൾ<br>തയ്യാറാക്കുന്നതിനുള്ള<br>ശേഷി, ക്രിയാത്മക</td>
<td>വർക്ക്ഷോപ്പുകൾ പ്രവർത്തന<br>ങ്ങൾ ജ്യാമതീയ പാറ്റേണുകൾ<br>നിർമ്മിക്കുക പാറ്റേണുകൾ<br>നിർമ്മിക്കുക ,പതിപ്പ്<br>തയ്യാറാക്കൽ ജിയോജിബ്ര<br>പരിശീലനം<br>ഐസിടി(ആഴ്ചയിലൊരിക്കൽ<br>)<br>പതാക നിർമ്മാണം<br>ചോദ്യപേപ്പർ നിർമ്മാണം<br>ഓപ്പൺ ബുക്ക് ടെസ്റ്റ്<br>പേപ്പറുകൾ സ്വയം<br>വിലയിരുത്തൽ</td>
<td></td>
<td>എ ഫോർ<br>പേപ്പർ<br>ലൈബ്രറി<br>പുസ്തകങ്ങൾ<br><br>സാധന<br>സാമഗ്രികൾ<br>വർണ്ണക്കടലാ<br>സ് തുണി മൂന്ന്<br>നിറത്തിൽ<br>വെള്ള പച്ച<br>ഓറഞ്ച്<br>ലാബ്<br>പ്രവർത്തനങ്ങ<br>ൾക്കുള്ള<br>ഉപകരണങ്ങൾ<br>സാമഗ്രികൾ<br>ലാബ്<br>പ്രവർത്തന<br>സാമഗ്രികൾ</td>
<td>10000<br><br>5000<br><br>1000<br><br>1000<br><br>20000</td>
<td></td>
</tr>
</table>

## Academic master plan - social science

പൊതു ലക്ഷ്യങ്ങൾ

- സാമൂഹ്യ ശാസ്ത്ര വിഷയം കൂടുതൽ ശാസ്ത്രീയമാക്കുക .
- സാമൂഹ്യ ശാസ്ത്ര പഠനത്തിൽ ICT സാന്നിധ്യം പ്രയോജനപ്പെടുത്തുക.
- സാമൂഹ്യചിന്ത, സാമൂഹ്യബോധം, സാമൂഹ്യ ശാസ്ത്ര വിശകലനശേഷി എന്നിവ എല്ലാ കുട്ടികളും ആർജിക്കുക.
- കരിക്കുലം ലക്ഷ്യമാക്കുന്ന സാമൂഹ്യ ശാസ്ത്ര പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും ആർജിക്കുക.
- ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് സാമൂഹ്യ ശാസ്ത്ര പഠനം പ്രയോജനപ്പെടുത്തുക.
- മതേതര ജനാധിപത്യ ബോധം വികസിപ്പിക്കുക.
- ചരിത്ര ശേഷിപ്പുകൾ നശിപ്പിക്കാതെ വരും തലമുറയ്ക്ക് കൈമാറുക.
- കുട്ടികളെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിലേക്ക അടുപ്പിക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുക .
- നമ്മുടെ സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള ദേശീയസമരങ്ങളെയും അതിനു നേതൃത്വം നൽകിയ മഹാന്മാരെയും സാമൂഹികപരിഷ്കർത്താക്കളെയും അറിയുകയും അവരുടെ പ്രവർത്തനപാത പിന്തുടരുകയും ചെയ്യുക.

പ്രവർത്തനങ്ങൾ

1 കുട്ടികളുടെ മുന്നറിവ് , ഓർമശക്തി പോലുള്ളവ വികസിപ്പിക്കാനുള്ള ചില കളികൾ സംഘടിപ്പിക്കുന്നു.
2.ക്ലാസിൽ കുട്ടികൾക്ക് കഥ പറയൽ , ചിത്രരചന , പ്രസംഗം , സംഗീതാലാപനം പോലുള്ള സർഗശേഷികളുടെ പ്രകടനത്തിനുള്ള അവസരം നൽകുന്നു .
3. ചില മഹാന്മാരെയും ചില ചരിത്രസംഭവങ്ങളും പരിചയപ്പെടുത്തി അതിനെ - കുറിച്ച് കൂടുതലറിയാനും കണ്ടെത്തി ക്ലാസിൽ അവതരിപ്പിക്കാനും അവസരം നൽകുന്നു .
4. അർത്ഥ പൂർണമായ ഭൂപടവായന ക്രമീകരിക്കുക.
5. പൊതു വിജ്ഞാനത്തിന് ഊന്നൽ നൽകുന്നു.
6. പത്രവായന പ്രോത്സാഹിപ്പിക്കുന്നു.
7. പ്രാചീന - മധ്യ - ആധുനിക പ്രധാന സംഭവങ്ങൾ തരംതിരിക്കുന്നു.
8. പഠന യാത്രകൾ സംഘടിപ്പിച്ച് ചരിത്ര പഠനം കാര്യക്ഷമമാക്കുന്നു.
9. ക്ലബ് പ്രവർത്തനങ്ങളിലൂടെ സാമൂഹിക അവബോധം വളർത്തുന്നു.

ഒത്തിരി അറിവേകും ഇത്തിരി ഊഞ്ഞല .

1. ബുള്ളറ്റിൻ ബോഡു സ്ഥാപിക്കൽ .

വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കുവാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോഡ് സ്ഥാപിക്കുക .

എല്ലാ മാസവും ചേരുന്ന സബ്ജറ്റ് കൗൺസിൽ യോഗത്തിൽ ഇതിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നു .

- എല്ലാ ദിവസത്തേയും പ്രധാന വാർത്തകൾ പ്രദർശിപ്പിക്കുന്നതിന് .
- സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ പ്രവർത്തനങ്ങളും അറിയിപ്പുകളും പ്രദർശിപ്പിക്കുന്നതിന് .
- സമകാലികസംഭവങ്ങളെ അടിസ്ഥാനപ്പെടുത്തി ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുന്നതിന്

അക്ഷരത്തിളക്കത്തിലൂടെ നല്ല വിജയത്തിലേക്കും .

1. pre test നടത്തൽ .

2. പഠന പിന്നോക്കാവസ്ഥ പരിഹരിക്കൽ .

- പഠനപരമായ പിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ കണ്ടെത്തുകയും അവർക്ക വേണ്ട പിന്തുണാ സംവിധാനങ്ങൾ ഒരുക്കുക .
- ചിത്രങ്ങൾ , വീഡിയോകൾ സ്കിറ്റുകൾ തുടങ്ങിയവയിലൂടെ കുട്ടികളിൽ പഠന താത്പര്യം ജനിപ്പിക്കുക .
- നിരന്തരം ഇവരുടെ പഠനപുരോഗതി വിലയിരുത്തുക .

നാടിനെ അറിയാൻ

- ക്ലാസിലെ കുട്ടികളിൽ തങ്ങളുടെ നാടിന്റെ ചരിത്രമറിയാനും അന്വേഷണത്വര ജനിപ്പിക്കാനും ഗവേഷണാത്മകമായി കണ്ടെത്തിയ കാര്യങ്ങൾ ചിട്ടയോടെ രേഖപ്പെടുത്താനുമായി പ്രാദേശിക ചരിത്ര രചന നടത്തുന്നു .
- ചരിത്രാവബോധം സൃഷ്ടിക്കുക ഇന്ത്യാചരിത്രം,ലോകചരിത്രം എന്നിവക്കൊപ്പം
- തന്റെ പ്രദേശത്തിന്റെയും ചരിത്രം അന്വേഷിച്ചറിയാൻ കുട്ടിക്ക അവസരം നൽകുക .
- ചരിത്രരചനയുടെ വിവിധ വശങ്ങളെ കുറിച്ച് കൂടുതൽ മനസ്സിലാക്കാൻ അവസരം നൽകുന്നു .

വരച്ച് പഠിച്ച് ഇന്ത്യയെ അറിയാം .

- ക്ലാസ്സുകളിലെ കുട്ടികൾക്കായി ഇന്ത്യൻ ഭൂപ്രകൃതി വൈവിധ്യങ്ങൾ സമഗ്രമായി അറിയാനും വരച്ച പഠിക്കാനുമായിഅറ്റ്ലസ് നിർമാണം .
- ഇന്ത്യയുടെ ഭൂപ്രകൃതി വൈവിധ്യങ്ങൾ തിരിച്ചറിയാൻ കുട്ടിയെ പ്രാപ്തനാക്കുക
- ഭൂപടവായന , ഭൂപടനിർമാണം എന്നിവയിൽ കുട്ടികൾ ഇതുവരെ നേടിയ അറിവുകൾ പ്രയോഗിക്കാനുള്ള അവസരം നൽകുക .
- ഭൂപടവായനയുമായി ബന്ധപ്പെട്ട തോത് , ദിശ, ചിഹ്നങ്ങൾ നിറം എന്നിവയുടെ ശരിയായ പ്രയോഗം മനസ്സിലാക്കുന്നതിന് .

- സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങളിലും , ദേശീയപ്രസ്ഥാനങ്ങളിലും പങ്കാളികളായ ധീരയോദ്ധാക്കളെ പരിചയപ്പെടുത്തുന്ന ഒരു പതിപ്പ് നിർമാണം .

<u>ദിനവൃത്താന്തങ്ങൾ</u> .

1 സബ്ജറ്റ് കൗൺസിൽ ചേർന്ന് വിവിധ ദിനാചരണ പ്രവർത്തന കലണ്ടർ തയ്യാറാക്കുക .
2 സാമൂഹ്യശാസ്ത്ര ക്ലബ്ബ് രൂപീകരിക്കുക .
3 സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പ്രധാന ദിനങ്ങളുടെ പ്രാധാന്യം ഉദ്ഘോഷിച്ചുകൊണ്ടുള്ള വിവിധ പ്രവർത്തനപരിപാടികൾ സംഘടിപ്പിക്കുക .

- ഓരോ ദിനാചരണത്തിന്റെയും പ്രാധാന്യത്തെ കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുക .
- കുട്ടികളുടെ സർഗശേഷി പരിപോഷിപ്പിക്കുക .
- സാമൂഹ്യശാസ്ത്രമേളകളിൽ പങ്കാളികളാകാൻ കുട്ടികളെ സജ്ജരാക്കുക .
- . കുട്ടികളിൽ ധാർമികമൂല്യങ്ങൾ വളർത്തുക .
- സ്വതന്ത്ര ചിന്തക്കും , ആശയപ്രകടനത്തിനുള്ള അവസരം ഒരുക്കുന്നു .

<u>സാമൂഹ്യ ശാസ്ത്ര പഠനം - പ്രശ്നങ്ങൾ</u>

<u>അക്കാദമികം</u>

എല്ലാ കുട്ടികളെയും പരിഗണിച്ച് ഭിന്നതല പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിലും നടപ്പിലാക്കുന്നതിനും സാധിക്കുന്നില്ല.

- വൈവിധ്യമാർന്ന പഠന തന്ത്രങ്ങൾ, സങ്കേതങ്ങൾ എന്നിവ പ്രയോജനപ്പെടുത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നു.
- എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ശേഷികൾ, ധാരണകൾ, ആശയങ്ങൾ എന്നിവ നേടാൻ കഴിയുന്നില്ല.

<u>ഭൗതികം</u>

- സാമൂഹിക ശാസ്ത്ര ലാബ് സജ്ജമാക്കുന്നതിന് സ്ഥലപരിമിതി ഒരു പ്രശ്നമാണ്.
- ICT അധിഷ്ഠിത പഠനത്തിന് ആവശ്യമായ സൗകര്യം കുറവാണ്.
- ക്ലാസ്സ് ലൈബ്രറികളുടെ അഭാവം നിലനിൽക്കുന്നു.

<u>സാമൂഹികം</u>

- പ്രാദേശിക വിഭവങ്ങൾ പ്രയോജനപ്പെടുത്തുന്നില്ല.
- പ്രാദേശിക വിഭവ ശേഖരണം നടത്തിയിട്ടില്ല.

## Academic Master Plan

## Subject :Art (വിഭാഗങ്ങൾ മ്യൂസിക്, ചിത്രരചന, നൃത്തം, നാടകം, സിനിമ )

### മേഖല :സംഗീതം

- ❖ മുകളിൽ പറഞ്ഞ 5 വിഭാഗങ്ങളിൽ സർഗ്ഗാത്മക ശേഷിയുള്ള കുട്ടികളെ പങ്കെടുപ്പിച്ചു കൊണ്ടുള്ള ആർട്സ് ക്ലബ് രൂപീകരണം
- ❖ ഓരോ മാസത്തിലും പിന്നണി സംഗീതത്തോട് കൂടിയുള്ള കരോക്കേ ഗാനമേള സംഘടിപ്പിക്കുന്നു
- ❖ നാടൻ വാദ്യ ഉപകരണങ്ങളുടെ സഹായത്തോട് കൂടെയുള്ള നാടൻപാട്ട് അവതരണം.
- ❖ ക്ലാസ്സ് തലത്തിൽ സർഗ്ഗവേളകൾ സംഘടിപ്പിക്കുന്നു.

- മാപ്പിളപ്പാട്ട്, ഗസൽ ഈ സംഗീത രൂപങ്ങൾ കൂടുതൽ അറിയുന്നതിന് വേണ്ടി ശില്പശാലകൾ സംഘടിപ്പിക്കുന്നു.
- ഹിന്ദുസ്ഥാനി സംഗീത ഉപകരണങ്ങൾ, കർണാടക സംഗീത ഉപകരണങ്ങൾ, നാടൻ വാദ്യ ഉപകരണങ്ങൾ, പ്രാദേശിക സംഗീത ഉപകരണങ്ങൾ ഇവയുടെ പ്രദേശനങ്ങൾ നടത്തുന്നു.
- മഹാരഥന്മാരായ സംഗീതജ്ഞന്മാരുടെ ജീവിതം അടങ്ങിയ സിനിമപ്രദർശനം (ഉദാഹരണം :സ്വാതി തിരുന്നാൾ )

## മേഖല : ചിത്രരചന

- സ്കൂൾ തലത്തിൽ ചിത്രരചനയിൽ മികച്ച കഴിവ് പ്രകടിപ്പിക്കുന്ന കുട്ടികളെ പങ്കെടുപ്പിച്ചു കൊണ്ട് ചിത്രക്കൂട്ടം എന്ന ടീം സംഘടിപ്പിക്കുന്നു.
- ചിത്രരചനയുടെ ബേസിക് വശങ്ങൾ അറിയുന്നതിന് വേണ്ടി ശില്പസാലകൾ സംഘടിപ്പിക്കുന്നു.

- എല്ലാ ദിനാചാരങ്ങളിലും പെയിന്റിംഗ്, ഓയിൽ പെയിന്റിംഗ്, ചിത്രരചന പെൻസിൽ, കാരികേചർ കാർട്ടൂൺ മത്സരങ്ങൾ നടത്തുന്നു.
- പ്രശസ്ത ചിത്രകാരന്മാർ (ഡാവിഞ്ചി, വിൻസെന്റ് വാങ്കോഗ്, രാജ രവിവർമ )ഇവരുടെ ചിത്രപ്രേദർശനങ്ങൾ നടത്തുന്നു.
- വിദ്യാർത്ഥികളുടെ ചിത്രങ്ങൾ അടങ്ങിയ art ഗാലറി നിർമ്മാണം.

## മേഖല :നൃത്തം

- ശാസ്ത്രീയ നൃത്തങ്ങൾ, നാടോടി നൃത്തങ്ങൾ ഇവയുടെ ബേസിക് അറിയുന്നതിന് വേണ്ടി ശില്പശാലകൾ സംഘടിപ്പിക്കുന്നു.
- കഥകളി, കൂടിയാട്ടം, ഓട്ടൻതുള്ളൽ, നങ്ങ്യർകൂത്തു, ചാക്യർകൂത്തു, ഈ കലാരൂപങ്ങളുടെ പ്രേദർശനം.
- പഠഭാഗങ്ങളിലെ കവിതകൾക്ക് നൃത്താവിഷ്കാരം.

## മേഖല :സിനിമ, നാടകം

- പാഠപുസ്തകത്തിലെ കഥകൾ നടകരൂപത്തിൽ ആക്കുന്നു.

- അഭിനയ സാധ്യതങ്ങൾ അറിയുന്നതിന് വേണ്ടി നാടകക്യാമ്പുകൾ.
- ഏകാങ്ക നാടകങ്ങൾ, ബാലെ എന്നിവ പ്രദർശിപ്പിക്കുന്നു.
- പ്രശസ്ത നാടകാചര്യൻമാർ (വയലാവാസുദേവൻപിള്ള, കാവാലം നാരായണപണിക്കർ )ഇവരുടെ നാടകപ്രദർശനം.
- കഥകൾ കൊടുത്തു കൊണ്ടുള്ള തിരക്കഥ നിർമ്മാണം.
- സ്കൂൾ പരിമിതിക്കുള്ളിൽ നിന്നുകൊണ്ടുള്ള ഷോർട് ഫിലിം നിർമ്മാണം
- ഫിലിം ക്ലബ് രൂപീകരണം.
- സിനിമ നിർമ്മാണത്തിന് ആവശ്യമായ ഇൻഡോർ ഔട്ട് ഡോർ ലൊക്കേഷൻ കണ്ടുപിടിക്കുന്നു.

| | |
|---|---|
| പാർപ്പിട പ്ലാനുകൾ കണ്ടറിയാൻ സാധിക്കുന്നു | Plan Lay out വരച്ചു പഠിക്കുന്നു അതിനാവശ്യവസ്തുക്കൾ അറിയുന്നു . |
| വസ്ത്രങ്ങളെ അറിയാം | Fabric Painting അലങ്കാരത്തുന്നലുകൾ എന്നിവ ചെയ്തു പഠിക്കുന്നു |
| ഇലകട്രിക്കൽ സാധനങ്ങൾ അറയുന്നു | ഇലകട്രിക്കൽ ഉപകരണങ്ങൾ പരിചയപ്പെടുന്നു |
| കരകൗശല വസ്തുകൾ നിർമ്മണം | വേസ്റ്റ് മെറ്റീരിയൽ നിന്നും പ്രകൃതി ദത്ത വസ്തുകളും ഉപയോഗിച്ച് കരകൗശല വസ്തു നിർമ്മാണം |
| എഴുത്തനവശ്യമായ പുസ്തക നിർമ്മാണം | A4 പേപ്പർ ഉപയോഗിച്ച് പുസ്തക നിർമ്മാണം ചെയ്തു പഠിപ്പിക്കുന്നു |
| അലങ്കാരവസ്തുക്കൾ നർമ്മിക്കാൻ പഠിപ്പിക്കുന്നു | വാൾ ഹങ്ങിഗ് പൂക്കൾ ഇവ നിർമ്മിക്കുന്നു |

# MASTER PLAN 2025-26

മേഖല : അക്കാദമികം ഹിന്ദി

## പൊതുവായ ലക്ഷ്യങ്ങൾ

- ✓ സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
- ✓ ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.
- ✓ ഹിന്ദി ഭാഷാപഠനം ലളിതവും, രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ✓ ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കു.
- ✓ ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പാഠപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

### എട്ടാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു.<br>അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു. ✓<br>അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. ✓<br>ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. ✓ | ഹ്രസ്വം<br>ജൂൺ - ജൂലൈ |
| ആഴ്ചയുടെ [illegible] എന്നിവ പരിചയപ്പെടുത്തുന്നു. | ക്ലാസ്സിലെ ഓരോ വിദ്യാർത്ഥിയുടേയും ജനനതിയ്യതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. ✓ | മധ്യകാലം<br>ഓഗസ്റ്റ് - സെപ്റ്റംബർ |
| ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു.<br>വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു.<br>കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു.<br>ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു. | ഡിസംബർ - ജനുവരി |

### ഒമ്പതാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ | വർക്ക് ഷീറ്റുകൾ നൽകുന്നു.<br>ചിത്രങ്ങളടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. ✓ | ഹ്രസ്വം<br>ജൂൺ - ജൂലൈ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ അറബിക്

| മേഖല: അക്കാദമികം | | വിഷയം :അറബി | | |
|---|---|---|---|---|
| പ്രശ്നം : സ്വതന്ത്ര വായനക്ക് പ്രയാസം നേരിടുന്നു. | | | | |
| ലക്ഷ്യം :എല്ലാ കുട്ടികളേയും മികച്ച വായനക്കാരാക്കുക | | | | |
| പ്രവർത്തനം | ഉപപ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| വായിക്കാം വളരാം | അവസ്ഥാപഠനം | ജൂൺ-19-25 | AT | 100 |
| | വിശകലനം | ജൂൺ- 30 | AT | |
| | വായനാസാമഗ്രികൾ ശേഖരിക്കൽ (കാർഡുകൾ,പുസ്തകങ്ങൾ,....) | ജൂലൈ 1-15 | PTA,AC | 1000 |
| | തുടർ വായന | ജൂലൈ-15 മാർച്ച്-15 | AT | |
| | ആശയാവതരണം | weekly | AC | |
| | വായനാ ഫെസ്റ്റ് | മാർച്ച്-10 | PTA,AC | 1500 |
| പ്രശ്നം :സ്വതന്ത്ര ആശയവിനിമയത്തിന് പ്രയാസം നേരിടുന്നു. | | | | |
| ലക്ഷ്യം: ആശയ വിനിമയശേഷി വർദ്ധിപ്പിക്കൽ | | | | |
| പ്രവർത്തനം | ഉപപ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| Walk with arabic | മെറ്റീരിയൽ ശേഖരിക്കൽ | July-1-25 | PTA,AC | |
| سيروا مع العربية | കേൾക്കാം പറയാം | ജൂൺ-മാർച്ച് | AT | |
| പ്രശ്നം : നിഘണ്ടു ഉപയോഗിക്കാൻ പ്രയാസം നേരിടുന്നു. | | | | |
| ലക്ഷ്യം: എല്ലാ കുട്ടികളേയും നിഘണ്ടു ഉപയോഗിക്കാൻ പ്രാപ്തരാക്കുന്നു. | | | | |
| പ്രവർത്തനം | ഉപപ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| വളരുന്ന നിഘണ്ടു | നിഘണ്ടു പരിചയം | ജൂൺ-ആഗസ്റ്റ് | AT | |

| പ്രവർത്തനം | ഉപപ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വളരുന്ന നിഘണ്ടു | എന്റെ സ്വന്തം നിഘണ്ടു | സെപ്റ്റംബർ-മാർച്ച് | AC | 500 |
| പ്രശ്നം : പദസമ്പത്തിന്റെ കുറവ് | | | | |
| ലക്ഷ്യം :പദസമ്പത്ത് വർദ്ധിപ്പിക്കൽ,അക്ഷരങ്ങളുടെ സാമ്യ വ്യത്യാസങ്ങൾ തിരിച്ചറിയൽ | | | | |
| പ്രവർത്തനം | ഉപപ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ഒരക്ഷരം ഒരുപാട് പദങ്ങൾ | പദച്ചങ്ങല | ജൂൺ-മാർച്ച് | AT | |
| حرف واحد كلمات عديدة | പദപ്പയറ്റ് | weekly | AT | 500 |
| ക്ലബ്ബ് ശാക്തീകരണം | അലിഫ് അറബിക് ക്ലബ്ബ് രൂപീകരണം | ജൂൺ -25 | | |
| | പ്രവർത്തനകലണ്ടർ തയ്യാറാക്കൽ | ജൂൺ - 30 | | |
| | മഹാന്മാരെ അറിയൽ | ജൂലൈ-15 മാർച്ച്-15 weekly | AC | 600 |
| | പതിപ്പ് നിർമ്മാണം | Quarterly | | 300 |
| | ദിനാചരണങ്ങൾ,പോസ്റ്റർ | | | 200 |

## CWSN കുട്ടികളുടെ വികസനത്തിന് വേ പദ്ധതികൾ

1) **Resource Room** :- എല്ലാ സജ്ജീകരണങ്ങളോടുകൂടിയ Resource Room കൊുവരിക
ഗുണങ്ങൾ :- ഇതു വഴി CWSN കുട്ടികളുടെ പഠനത്തിന് കൂടുതൽ പ്രാധാന്യവും ശ്രദ്ധയും നൽകുന്നതിന് സാധിക്കും. അവരുടെ പഠനത്തിന് ആവശ്യമായ Resource materials അവർക്ക് മുമ്പിൽ നിൽക്കുന്നതിന് കഴിയും.

2) **Vocational Center** :- പഠനത്തിനോടൊപ്പം കൈ തൊഴിൽ പരിശീലനവും നൽകുക എന്ന ഉദ്ദേശത്തോടെയാണ് സ്വയം തൊഴിൽ പരിശീലന സെന്റർ നടത്തുന്നത്.
ഗുണങ്ങൾ :- CWSN കുട്ടികളുടെ പഠനത്തിന് മാത്രം പ്രാധാന്യം നൽകിയാൽ മതിയാവുകയില്ല. അവരുടെ ഭാവി ജീവിതം സുരക്ഷിതമാക്കുന്നതിന് സ്വയം തൊഴിൽ പരിശീലനം നൽകുക തന്നെ വേണം. ഇതിനാവശ്യമായ സാധനങ്ങൾ

* Sewing machine
* Chalk mould
* Soap mould
* Book binding
* Jewellery making materials, etc...

2) **അഡാപ്റ്റഡ് ടോയലറ്റ്** :- ഭിന്നശേഷിക്കാരായ കുട്ടികളുടെ ദിനാചരങ്ങൾക്ക് ആവശ്യമായ സാഹചര്യങ്ങൾ സ്കൂളിൽ ലഭ്യമാക്കുക.

3) **Ramp & Rail** :- ഭിന്നശേഷിക്കാരായ കുട്ടികളുടെ യാത്ര സുഖകരമാക്കുന്നതിന് സ്കൂളുകളിൽ അവർക്കായ് Ramp & Rail സൗകര്യങ്ങൾ ഉാക്കികൊടുക്കുകയാണ് വേത്. ഇതുവഴി അവർക്ക് സ്കൂളിലെ എല്ലാ സ്ഥലങ്ങളിലേക്കും സൗകര്യമായി യാത്ര ചെയ്യുന്നതിന് സാധിക്കും. Wheel chair യാത്രാ സൗകര്യവും ഉാക്കും.

4) **Inclusive liberary :-** CWSN കുട്ടികളുടെ വായനയെ പ്രോത്സാഹിപ്പിക്കുന്നതിന് വേി സ്കൂൾ ലൈബ്രറിയിൽ തന്നെ അവർക്കായുള്ള പുസ്തകങ്ങൾ കൊുവരിക. അന്ധതരായ കുട്ടികളുടെ വായനക്ക് സഹായകമാകുന്ന പുസ്തകങ്ങളും ഇതിൽ ഉാക്കണം.

5) **Computer Learning** :- CWSN കുട്ടികൾക്ക് Computer പഠനം സാധ്യമാക്കുന്നതിന് റിസോഴ്സ് റൂമിൽ Computer സംവിധാനങ്ങളും ഉാക്കണം.

വിഷൻ പ്രോബ്ലം ഉള്ള കുട്ടികൾക്ക് ടാൾക്കിങ് കമ്പ്യൂട്ടർ പഠനവും നൽകുന്ന തരത്തിലുള്ള കമ്പ്യൂട്ടർ സാധ്യതകളാണ് വേത്. ഏത് വൈകല്യത്തെയും അതിജീവിക്കുന്നതിന് സാധ്യമാക്കുന്ന തരത്തിലുള്ള കമ്പ്യൂട്ടർ പരിശീലന സൗകര്യങ്ങൾ ലഭ്യമാക്കുകയാണെങ്കിൽ ഇവർക്ക് നൂതന സാങ്കേതിക വിദ്യകൾ ശരായായ വിധം കൈകാര്യം ചെയ്യുന്നതിന് സാധിക്കും.

6) **TLM (Tecers laerning materials)** :- CWSN കുട്ടികളുടെ പഠനത്തിന് സഹായിക്കുന്ന Charts, Braille books, Models of organs, Body parts etc. എന്നിവ നൽകി കൊ" ഇവരുടെ പഠനത്തെ പ്രോൽസാഹിപ്പിക്കുന്നു.

7) **Oppurtunity in sports and arts** :- CWSN കുട്ടികളുടെ അഭിരുചികളെ വളർത്തുന്നതിന് സ്കൂളിലെ കല കായിക മത്സരങ്ങളിൽ ഇവരെയും കൂടി ഉൾപ്പെടുത്തി പങ്കെടുപ്പിക്കുന്നതിന് സാധ്യമാകുന്ന ഗ്രൗും സൗകര്യങ്ങളും സ്കൂളിൽ ലഭ്യമാക്കുന്നത് CWSN കുട്ടികളുടെ പുരോഗതിക്ക് ഗുണം ചെയ്യും.

8) **Physio therapy :-** ഭിന്നശേഷിക്കാരായ കുട്ടികളുടെ ശാരീരിക പുരോഗതിക്ക് ഇത്തരത്തിലുള്ള തെറാപ്പി സൗകര്യങ്ങൾ സ്കൂളിൽ തന്നെ ലഭ്യമാക്കുന്നത് നല്ലതാണ്.

9) **Speech therapy :-** ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പൊതുവെ കാണുന്ന പ്രശ്നമാണ് ശരീരത്തിലെ വൈകല്യങ്ങളും സംസാര വൈകല്യങ്ങളും. സംസാര വൈകല്യത്തെ അതിജീവിക്കുന്നതിന് അർക്ക് തുടക്കം തന്നെ സ്പീച്ച് തെറാപ്പി നൽകുന്നത് നല്ലതാണ്.

10) **Leisure time Facilities** :- CWSN കുട്ടികൾക്ക് ഇടവേളകൾ നൽകുന്നത് നല്ലതാണ്. അവരുടെ മനസ്സിന് സന്തോഷം നൽകും. അതിന് സഹായകമാകുന്ന റേഡിയോ, ടി.വി, കമ്പ്യൂട്ടർ സൗകര്യങ്ങൾ നൽകുന്നത് നല്ലതാണ്. ടി. വി വഴിയും റേഡിയോ വഴിയും ഇവർക്ക് പുതിയ അറിവുകൾ ലഭിക്കുകയും ലോകകാര്യങ്ങളെ കുറിച്ചുള്ള വാർത്തകൾ മനസിലാക്കുകയും ചെയ്യും.

11) **Campus and tours :-** CWSN കുട്ടികൾക്ക് വിനോദയാത്രകൾ നടത്തി അവരുടെ മനസ്സിനെ സന്തോഷിപ്പിക്കുന്നതിനുള്ള സൗകര്യങ്ങൾ സ്കൂളിൽ നടത്തുക വേണം. ഈ കുട്ടികൾക്കും രക്ഷിതാക്കൾക്കും മറ്റുള്ളവർക്കും ബോധവൽക്കരണ സെമിനാറുകൾ നടത്തി കൂടുതൽ അറിവുകൾ സമൂഹത്തിന് നൽകുക വേണം. ഇതുവഴി സമൂഹത്തിന് ഭിന്നശേഷി കൂടുതൽ അറിയുന്നതിനും സമൂഹത്തിൽ ഇവർക്കുള്ള സ്ഥാനം പുരോഗമിക്കുന്നതിനും സാധിക്കുകയുള്ളൂ. ഇവരുടെ ഭാവിയെ സുരക്ഷിതമാക്കുന്നതിന് ഇതുവഴിയെല്ലാം സാധിക്കും.

## പരിഹാര നിർദ്ദേശങ്ങൾ

1) ഈ വിഷയത്തിൽ വരുന്ന മാറ്റങ്ങൾ മനസ്സിലാക്കാൻ വേ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം കൊടുക്കുക. (മാഗസിനുകൾ, നോട്ടീസ് ബോർഡ്, ക്ലബ്ബ് പ്രവർത്തനങ്ങൾ.)

2) പാഠപുസ്തകത്തിലെ കാര്യങ്ങൾ പെട്ടെന്ന് പഴയതാകുന്നു. അതിനാൽ എല്ലാ വർഷവും (ത് വർഷത്തിൽ ഒരിക്കലെങ്കിലും) പരിഷ്കരണം നടത്തുക.

3) ഇൻഡസ്ട്രിയിലെ വിദഗ്ധന്മാരായുള്ള ആളുകളുടെ ക്ലാസ്സുകൾ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും നല്ല രീതിയിൽ നൽകുക.

4) കമ്പ്യൂട്ടർ പഠന വിഷയങ്ങൾ പ്രാവർത്തികമാക്കാൻ ഉതകുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുക.

ഉദാ : 1. സ്കൂളിന്റെ വെബ്സൈറ്റ് നിർമ്മാണം, ഓരോ ബാച്ചിനും ഒന്ന്/ അതിൽ അവരുമായി ബന്ധപ്പെട്ട കാര്യങ്ങൾ അപ്ഡേറ്റ് ചെയ്യാനുള്ള സൗകര്യം.

2. പ്രദർശനം, പ്രവൃത്തിപരിചയം

3. എ. ടി. എം മാതൃകയിൽ കുട്ടികൾക്ക് കമ്പ്യൂട്ടർ ഉപയോഗിച്ച് കാര്യങ്ങൾ അറിയാനുള്ള സൗകര്യം.

(മാർക്കുകൾ, ന്യൂസ്, ടൈം ടേബിൾ, നോട്ടീസ്, സ്കൂളിലെ പ്രധാന സംഭവങ്ങൾ എല്ലാം കുട്ടികൾ തന്നെ ചെയ്യണം)

# <u>അക്കാദമിക് മാസ്റ്റർ പ്ലാൻ</u> 2025-26

## Work Integrated Education

വൈകാരികവും വൈഞ്ജാനികവുമായ മേഖലകളുടെ സമന്വയവും വികാസവും സാധ്യമാക്കുന്നത് തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭാസം അനിവാര്യമാണ് .

ഓരോ പ്രവർത്തി പഠന ക്ലാസ്സിന്റെയും അടിത്തറ മാനവശേഷി വികാസമാണ് എല്ലാ പൗരന്മാരുടെയും ശേഷികളും കഴിവുകളും രാഷ്ട്രനിർമ്മാണതിനുതകുന്ന രീതിയിൽ വളർത്തിയെടുക്കുക എന്നതാണ് മാനവശേഷി വികസനം കൊണ്ട് ഉദ്ദേശിക്കുന്നത്. തൊഴിലിനോട് ആഭിമുഖ്യമുള്ളതും തൊഴിൽ ചെയ്യുന്നവരെ ആദരിക്കുന്നതും സാമൂഹിക ബോധമുള്ള പുതിയ ഒരു തൊഴിൽ സംസ്കാരത്തിന്റെ വക്തകളക്കി പുതിയ തലമുറകളെ വാർത്തെടുക്കുന്നതും പ്രവർത്തി പഠനത്തിന്റെ സുപ്രധാന ലക്ഷ്യങ്ങളാണ് .

### <u>പൊതുലക്ഷ്യങ്ങൾ</u>

- തൊഴിൽ സന്നദ്ധത
- മൂല്യങ്ങളും മനോഭാവങ്ങളും വളർത്തൽ
- സന്തുലിത വ്യക്തിത്വവികസനം
- കലാപരമായ കഴിവുകൾ നേടുക
- വരക്കാനും അളക്കാനും മുറിക്കാനും മൊക്കെയുള്ള അറിവുകൾ നേടുന്നു
- ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു .

| <u>ലക്ഷ്യങ്ങൾ</u> | |
|---|---|
| കൃഷിയെകുറിച്ച് കൂടുതൽ അറിയുന്നു | ചെടിനടുന്നു വെള്ളവും വളവും നൽകി പരിചരിക്കുന്നു |
| പ്ലംമിങ് നെ അടുത്തറിയുന്നു | വെള്ളമൊഴുകുന്ന വഴി വിവിധ ഉപകരണങ്ങളുടെ സഹായത്താൽ അറിയുന്നു |

പ്രവർത്തനം :

പേര് : ഫ്രൂട്ട് ആൻഡ് ഫുഡ് പ്രിസർവേഷൻ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭക്ഷണപദാർത്ഥങ്ങൾ, പാനീയങ്ങൾ എന്നിവ ദീർഘകാലം കേടുകൂടാതെ സൂക്ഷിക്കുക. | ഭക്ഷ്യ വിഭവങ്ങൾ വിവിധസീസണിൽ ലഭിക്കുന്നവ കേടുകൂടാതെ, കൃത്രിമ ചേരുവകൾ ചേർക്കാതെ രുചികരമായി തയ്യാറാക്കുക. (സ്ക്വാഷ്, ജാം, അച്ചാർ) പാചകക്കുറിപ്പ് തയ്യാറാക്കൽ വിഭവങ്ങൾ തയ്യാറാക്കൽ, ഫില്ലിംഗ് പാക്കിംഗ് എന്നിവ പരിചയപ്പെടൽ | വിവിധസീസണുകൾ | WE ടീച്ചർ HM/ PTA | PTA |

പ്രവർത്തനം :

പേര് : വിവിധ കൃഷി രീതികൾ പരിചയപ്പെടൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * ഔഷധ തോട്ട നിർമ്മാണം<br>* ആധുനിക കൃഷി സമ്പ്രദായം പരിചയപ്പെടൽ. | * വിദഗ്ദരുമായി ആശയവിനിമയം നടത്തി പുതിയ കൃഷിയെ പരിചയപ്പെടുന്നു.<br>* ജൈവ കീടനാശിനി ഉാക്കുന്നു<br>* നിലം ഒരുക്കൽ, വിത്ത് ശേഖരണം നാടൻ തോട്ടം പരിപാലനം. | ജൂൺ 15 മാർച്ച് | പരിസ്ഥിതി ക്ലബ്ബ് | കൃഷി വകുപ്പ് |

പ്രവർത്തനം :

പേര് : ശുചീകരണ വസ്തു നിർമ്മാണം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സോപ്പ്, അഗർബത്തി, ഡിറ്റർജന്റ്, പൗഡർ. | * ശുചീകരണ വസ്തുക്കൾ സ്വന്തമായി നിർമ്മിക്കുക. അവയുടെ വിപണനം<br>* അസംസ്കൃത വസ്തുക്കളുടെ പരിചയപ്പെടൽ | ജൂൺ മാർച്ച് | WE ക്ലബ്ബ് | |

**പ്രവർത്തനം : തയ്യൽ പരിശീലനം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| തയ്യൽ പരിശീലനം | * വിവിധ തരം വസ്ത്രങ്ങൾ കുറഞ്ഞ ചെലവിൽ തയ്ച്ചെടുക്കുക. കൂടാതെ അലങ്കാര തുന്നൽ, ഫേബ്രിക് പെയിന്റിങ് എന്നത് പരിശീലിപ്പിക്കൽ, ചുരിദാർ, ഉടുപ്പ് എന്നിവയുടെ കട്ടിംഗ് ശീലിക്കൽ. | ജൂൺ മാർച്ച് | WE ടീച്ചർ | PTA |

**പ്രവർത്തനം : ടോയ്സ് നിർമ്മാണം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്റ്റഫ്ഡ് ടോയ്സ് വിശറി, തൊപ്പി എന്നി-വയുടെ നിർമ്മാണം | * നൂതന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി ഉൽപന്നങ്ങൾ നിർമ്മിക്കുന്നു. | ജൂൺ ആഗസ്റ്റ് | WE ടീച്ചർ | PTA<br>BRC |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പാഴ്വസ്തുക്കൾ കൊ് കൗതുക വസ്തു നിർമ്മാണം. | റൈറ്റിംഗ് പാഡ്, ഫയൽ ബോർഡ്, ടേബിൾ പാഡ്, ബോക്സ് എന്നിവ പാഴ്വസതുക്കൾ ഉപയോഗിച്ച് നിർമ്മിക്കുക | മൂന്ന് മാസം | WE ടീച്ചർ/ HM/ SRG | PTA<br>BRC |

**പ്രവർത്തനം : അലങ്കാരവസ്തു നിർമ്മാണം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അലങ്കാര വസ്തു നിർമ്മാണം | പ്ലാസ്റ്റിക് ഉപയോഗിച്ച് അലങ്കാര വസ്തുക്കൾ നിർമ്മിക്കുക. | മൂന്ന് മാസം | WE ടീച്ചർ/ HM/ SRG | BRC |

പ്രവർത്തനം : ആവശ്യമായ ഭൗതിക സാഹചര്യമൊരുക്കൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മേഖല, ഭൗതികം<br>ലക്ഷ്യം<br>ഉപകരണങ്ങൾ നേടിയെടുക്കുക. | പ്രവൃത്തി പരിചയ പരിശീലനത്തിന് ആവശ്യമായ തയ്യൽ മെഷീനുകൾ 5 എണ്ണം<br>എംബ്രോയ്ഡറി മെഷീൻ 3 എണ്ണം<br>ചോക്കിന്റെ അച്ച് 4 എണ്ണം<br>കട്ടിംഗ് ടേബിൾ 1 എണ്ണം<br>കത്രിക വലുത് 4 എണ്ണം<br>കത്രിക ചെറുത് 20 എണ്ണം<br>എംബ്രോയിഡറി ഫ്രെയിം 10 എണ്ണം<br>ചവിട്ടി നിർമ്മാണ ഫ്രെയിം 4 എണ്ണം<br>കമ്പ്യൂട്ടർ 4 എണ്ണം<br>കുട്ടികൾക്ക് മാർക്ക് ചെയ്യാനാവശ്യമായ റൂം 1<br>എന്നിവ അടിയന്തിരമായി ആവശ്യമു °. | ദീർഘ കാലം | WE ടീച്ചർ/ HM/ SRG | MLA ഫ " |

## പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ

1) ഓരോ വിദ്യാർത്ഥിക്കും അവരുടെ അഭിരുചികൾക്കനുസരിച്ച് പഠിക്കുവാനും ആഹ്ലാദിക്കുവാനും കഴിയും.

2) വിദ്യാർത്ഥികൾക്ക് പരസ്പര സ്നേഹവും സഹവർത്തിത്ത്വവും വളരുന്നു.

3) കുട്ടികൾക്ക് സാമൂഹ്യ ബോധവും സഹാനുഭൂതിയും പകർന്ന് നൽകുക.

4) വിജയശതമാനത്തിനപ്പുറം ഓരോ വിദ്യാർത്ഥിക്കും അവനവന്റെ കഴിവുകൾക്കനുസരിച്ച് വളരാനുള്ള അവസരം.

5) കൗമാരക്കാരായ വിദ്യാർത്ഥികൾക്ക് തങ്ങളനുഭവിക്കുന്ന മാനസികവും വൈകാരികവുമായ പ്രശ്നങ്ങൾക്ക് പരിഹാരം.

6) വിദ്യാർത്ഥികളും അദ്ധ്യാപകരും രക്ഷിതാക്കളും ചേർന്ന കൂട്ടായ പ്രവർത്തനം.

7) വിദ്യാർത്ഥികൾ അതത് വിഷയങ്ങൾ അറിഞ്ഞും ആഹ്ലാദിച്ചും പഠിക്കുന്നു.

8) തങ്ങൾക്ക് താൽപര്യമുള്ള വഴികൾ കണ്ടെത്താനും ആ വഴി മുന്നേറാനും സഹായം.

9) പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ ഒരുപോലെ മികവ് പുലർത്തുക.

10) മത്സരാതീതമായി കലാപ്രവർത്തനങ്ങളിൽ ഏർപ്പെടുക.

## മോണിറ്ററിംഗ്

1. പൊതിവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി തയ്യാറാക്കിയ അക്കാദമിക് മാസ്റ്റർ പ്ലാൻ മുൻഗണനാ ക്രമത്തിൽ നടപ്പാക്കും.

2. അക്കാദമിക് മാസ്റ്റർ പ്ലാൻ സംബന്ധിച്ച് അഞ്ചംഗ അധ്യാപക സമിതി രൂപീകരിക്കുകയും മാസത്തിലൊരിക്കൽ യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യും.

3. എല്ലാ പി. ടി. എ യോഗങ്ങളിലും പ്രവർത്തനങ്ങൾ വിലയിരുത്തും.

4. ഓരോ വിഷയമായും ബന്ധപ്പെട്ട പദ്ധതികൾ വിദ്യാർത്ഥികളുമായി പങ്കുവെക്കുകയും അതനുസരിച്ച് നടപ്പിലാക്കുകയും ചെയ്യും.

## ഉപസംഹാരം

**ഗവ:യു.പി സ്കൂൾ വിളക്കോട്** തയ്യാറാക്കിയ ഈ പദ്ധതി ഏറെക്കാലത്തെ ചർച്ചകൾക്കും കൂടിയാലോചനകൾക്കും ശേഷം നിർമ്മിച്ചതാണ്. വിദ്യാലയത്തിന്റെ സമഗ്ര പുരോഗതി സാധ്യമാകുമെന്ന പ്രതീക്ഷയോടെ, ഇത് ഞങ്ങൾ മേൽ നടപടിക്കായി സമർപ്പിക്കുന്നു.